**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **02-02-2023 - ൽ മറുപടിയ്ക്ക്**

**പത്താം ധനകമ്മീഷൻ മുതൽ പതിനഞ്ചാം ധനകമ്മീഷൻ വരെ സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളം സാമ്പത്തികമായി പിടിച്ചുനിൽക്കുന്നത് കേന്ദ്ര സഹായത്താലെന്ന തെറ്റായ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ പത്താം ധനകമ്മീഷൻ മുതൽ പതിനഞ്ചാം ധനകമ്മീഷൻ വരെ സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതം ശതമാനക്കണക്കിൽ അറിയിക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 35.97 ശതമാനം മാത്രമാണ് കേന്ദ്രത്തിൽ നിന്നുള്ള റവന്യൂ വരവ്. പത്താം ധനകാര്യ കമ്മിഷൻ മുതലുള്ള വിവിധ കമ്മിഷൻ കാലയളവുകളിൽ കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ച നികുതി വിഹിതം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ധനകാര്യ കമ്മിഷൻ | ഡിവിസിബിൾ പൂൾ | സംസ്ഥാന വിഹിതം |
|---|---|---|
| X | വരുമാനനികുതിയുടെയും എക്സൈസ് ഡ്യൂട്ടിയുടെയും 3.875 ശതമാനമാണ് കേരളത്തിന് അർഹതയുണ്ടായിരുന്നത്. | |
| XI | 29.5 | 3.057 |
| XII | 30.5 | 2.665 |
| XIII | 32.0 | 2.341 |
| XIV | 42.0 | 2.500 |
| XV (2020-21) | 41.0 | 1.943 |
| XV (2021-2022) | 41.0 | 1.925 |

| | | | |
|---|---|---|---|
| (ബി) | മറ്റ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വിഹിതമെത്രയാണെന്ന് അറിയിക്കാമോ; | (ബി) | മറ്റ സംസ്ഥാനങ്ങളുടെ 2019-2020 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം കേരളത്തിന്റെ റവന്യൂ വരുമാനം 90225 കോടി രൂപയും തനത് നികുതി വരുമാനം 50323 കോടി രൂപയുമാണ്. തനത് നികുതി വരുമാനം ആകെ റവന്യൂ വരുമാനത്തിന്റെ 55.8 ശതമാനമാണ്. മറ്റ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യത്തിൽ കേരളം 6-ാം സ്ഥാനത്താണ്. കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും റവന്യൂ വരുമാനത്തിലുള്ള തനത് നികുതി |

| | | | |
|---|---|---|---|
| | | | വിഹിതത്തിന്റെ കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ ആനുപാതികമായി കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141.92 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3801.75 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. |
| (ഡി) | കേന്ദ്ര വിവേചനം തുടരുന്ന സാഹചര്യത്തിൽ ധനദൃഢീകരണത്തിനായി സംസ്ഥാനം നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (ഡി) | ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കിക്കൊണ്ടും നികുതിയേതര വരുമാനം ഉയർത്തുകയും സാമൂഹ്യ ക്ഷേമ ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിലേക്കായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| STATES' OWN TAX REVENUE AS PERCENTAGE OF STATES' TOTAL REVENUE ₹ Crore | | | | |
|---|---|---|---|---|
| Sl No | States | 2019-20 Accounts | | |
| | | States' own tax revenue | Total revenue of the State | % |
| 1 | 2 | 12 | 13 | 14 |
| 1 | Andhra Pradesh | 57601 | 111034 | 51.9 |
| 2 | Arunachal Pradesh | 1229 | 14889 | 8.3 |
| 3 | Assam | 16529 | 64495 | 25.6 |
| 4 | Bihar | 30144 | 124233 | 24.3 |
| 5 | Chhattisgarh | 22118 | 63869 | 34.6 |
| 6 | Goa | 4701 | 11357 | 41.4 |
| 7 | Gujarat | 79008 | 142844 | 55.3 |
| 8 | Haryana | 42825 | 67858 | 63.1 |
| 9 | Himachal Pradesh | 7624 | 30738 | 24.8 |
| 10 | Jharkhand | 16771 | 58417 | 28.7 |
| 11 | Karnataka | 102363 | 175443 | 58.3 |
| 12 | **Kerala** | **50323** | **90225** | **55.8** |
| 13 | Madhya Pradesh | 55824 | 147643 | 37.8 |
| 14 | Maharashtra | 188945 | 283190 | 66.7 |
| 15 | Manipur | 1204 | 10684 | 11.3 |
| 16 | Meghalaya | 1891 | 9414 | 20.1 |
| 17 | Mizoram | 731 | 9658 | 7.6 |
| 18 | Nagaland | 960 | 11423 | 8.4 |
| 19 | Odisha | 32315 | 101568 | 31.8 |
| 20 | Punjab | 29995 | 61575 | 48.7 |
| 21 | Rajasthan | 59245 | 140114 | 42.3 |
| 22 | Sikkim | 970 | 4841 | 20.0 |
| 23 | Tamil Nadu | 107462 | 174526 | 61.6 |
| 24 | Telangana | 67597 | 102544 | 65.9 |
| 25 | Tripura | 2102 | 11002 | 19.1 |
| 26 | Uttarakhand | 11513 | 30723 | 37.5 |
| 27 | Uttar Pradesh | 122826 | 366393 | 33.5 |
| 28 | Paschimbanga | 60669 | 142914 | 42.5 |

Anilal

സെക്ഷൻ ഓഫീസർ